## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4210** 16.12.2014 - ൽ മറുപടി നൽകേണ്ടിയിരുന്നത്.

### കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | **മറുപടി**<br>**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പു മന്ത്രി)** |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ വ്യവസായ വകുപ്പിന്റെ കൈവശം എത്ര ഏക്കർ സ്ഥലമാണ് ഉള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ വ്യവസായ വകുപ്പിന്റെ കൈവശം 23.83 ഏക്കർ സ്ഥലമാണ് ഉള്ളത്. |
| (ബി) ഇതിൽ എത്ര ഏക്കർ സ്ഥലം കെ.എസ്.റ്റി.സി-ക്ക് സ്പിന്നിംഗ് മിൽ സ്ഥാപിക്കാൻ നൽകിയിട്ടുണ്ട് ; | (ബി) ഇതിൽ 7 ഏക്കർ സ്ഥലം കെ.എസ്.റ്റി.സി-ക്ക് സ്പിന്നിംഗ് മിൽ സ്ഥാപിക്കാൻ നൽകിയിട്ടുണ്ട്. |
| (സി) ബാക്കിവരുന്ന സ്ഥലം ആർക്കാണ് നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ; | (സി) ബാക്കി വരുന്ന 16.83 ഏക്കർ സ്ഥലം കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് തുടങ്ങുന്നതിനായി നൽകിയിട്ടുണ്ട്. |
| (ഡി) ബാക്കി സ്ഥലം ലഭിച്ചവർ സ്ഥലം പ്രയോജനപ്പെടുത്തി എന്തെങ്കിലും വ്യവസായ സ്ഥാപനങ്ങൾ കൊണ്ടു വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) ഇല്ല.<br>16/05/2011-ലെ സ.ഉ.(സാധാ) 675/2011/വ്യവ പ്രകാരം കെ.എസ്.ടി.സി-യുടെ 16.83 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറാൻ ഉത്തരവായതു പ്രകാരം 2013-14 സാമ്പത്തിക വർഷം സ്ഥലമെടുപ്പിനു വേണ്ടി 5/- കോടി (അഞ്ചു കോടി) രൂപ കിൻഫ്രയ്ക്ക് അനുവദിച്ചു. എന്നാൽ കെ.എസ്.ടി.സി കിൻഫ്രയ്ക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.